KUTTIPPURAM Sub dist.

# Silent Bells

ഫസ്റ്റ്ബെൽ – അനുബന്ധ പഠനസഹായകസാമഗ്രി

PLAY

| Class: X | Subject: Malayalam AT | Date: 07-10-20 | Worksheet No: 11 |
|---|---|---|---|

Lesson & LO: പാവങ്ങൾ

1. "ആരും ഈ ലോകത്ത് കുറ്റവാളികളായി ജനിക്കുന്നില്ല. ജീവിത സാഹചര്യങ്ങളാണ് മനുഷ്യനെ കുറ്റവാളിയാക്കുന്നത്" - ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കുറ്റവാളിയാകാനിടയുള്ളവരുടെ ജീവിത സാഹചര്യം മാറ്റാൻ നമുക്കെന്തെല്ലാം ചെയ്യാൻ കഴിയും?

(ദാരിദ്ര്യം മാറ്റാനുള്ള സാഹചര്യമൊരുക്കുക - എല്ലാവർക്കും സ്നേഹവും സുരക്ഷിതത്വവും ഉറപ്പുവരുത്തുക -കുറ്റവാളികളെ തിരുത്താനുള്ള സമഗ്ര സമീപനം കൈക്കൊള്ളാൻ സമൂഹത്തിൽ പ്രേരണ ചെലുത്തുക. ചെറിയ തെറ്റുകൾ പൊറുത്തു കൊടുത്ത് നേർവഴിയിലേക്ക് നയിക്കുക. തിരസ്കരിക്കപ്പെട്ടവരെ ഒറ്റപ്പെടുത്താതെ ചേർത്തു നിറുത്തുക )

2. നരകതുല്യമായ ജീവിതത്തിൽ സ്വർഗ്ഗം പണിയുന്ന പടുത്വമാണ് സ്നേഹം - ഇത്തരം സ്നേഹാനുഭവങ്ങൾ നിങ്ങൾക്കോ കൂട്ടുകാർക്കോ അയൽക്കാർക്കോ പരിചയമുണ്ടോ? അത് നിങ്ങളെ മാറ്റി മറിച്ചിട്ടുണ്ടോ? സ്വാനുഭവക്കുറിപ്പെഴുതൂ...

**3. പാവങ്ങളിലെ മെത്രാന്റെ ജീവിതം സമകാലിക സമൂഹത്തിനു നൽകുന്ന സന്ദേശങ്ങൾ കണ്ടെത്തി കുറിപ്പെഴുതൂ**
















